# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 248/2024** **തിരുവനന്തപുരം, തീയതി: 07/11/2024**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടർ മുഖേന മാത്രം അടയ്ക്കേണ്ടതാണ്. മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക സൂക്ഷ്മപരിശോധനയ്ക്ക് പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ബിസിനസ് എക്കണോമിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടർ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എം.എ. സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ & ജ്യോതിഷ) (റെഗുലർ/ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 നവംബർ 16 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ എം.എസ്സി. ക്ലൈമറ്റ് ചേഞ്ച് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, എൻവയോൺമെന്റൽ സയൻസ്, ജിയോളജി, എം.എ. പൊളിറ്റിക്കൽ സയൻസ്, എം.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) (2022-2024 ബാച്ച്) സി.എസ്.എസ്. പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 നവംബർ 15 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)

## പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ഡിസംബർ 9 ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ 2024 നവംബർ 13 വരെയും 150 രൂപ പിഴയോടെ നവംബർ 16 വരെയും 400 രൂപ പിഴയോടെ നവംബർ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. പാർട്ട്ടൈം റിസ്ട്രക്ചേർഡ് കോഴ്സ് (2013 സ്കീം) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പരീക്ഷകൾക്ക് 2024 നവംബർ 08 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ 2024 നവംബർ 15 വരെയും 150 രൂപ പിഴയോടെ നവംബർ 18 വരെയും 400 രൂപ പിഴയോടെ നവംബർ 20 വരെയും അപേക്ഷിക്കാം. കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും കൊല്ലം TKM കോളേജ് ഓഫ് എഞ്ചിനീയറിംഗുമാണ് പരീക്ഷാകേന്ദ്രങ്ങൾ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2024 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 നവംബർ 11 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠന കേന്ദ്രം 2024 ഫെബ്രുവരിയിൽ നടത്തിയ എം.എ. മലയാളം (മേഴ്സിചാൻസ്) പരീക്ഷയുടെ വൈവവോസി 2024 നവംബർ 13 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലെ കേരളപഠന വിഭാഗത്തിന്റെ 25-ാം നമ്പർ മുറിയിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2024 നവംബർ 15 ന് ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240